ரோடுகளைப் பற்றியோ சொல்லவேண்டியதில்லை. தாங்கள் சொல்லப்பட்ட சிம்மண்டு ரோடு தென்திருவாங்கூரில் எங்களுக்காக வந்ததில்லை தென்திருவாங்கூரிலுள்ள நெல், காய்கறிகள், உப்பு முதலிய சாமான்களை வடபாகத்திற்கும், திருவாங்கூரில் எல்லாபாகத்திற்கும் சுலபமாகக்கொண்டு போகத்தான் இந்த ரோடு வந்தது. டிரான்ஸ்போர்டு இலாகாவில் (Transport Department) கிடைக்கக்கூடிய காஸ் பங்குலாபத்தை நாங்கள் கொடுக்கிறோம் இந்த ரோடுகளிலிருந்து கிடைக்கிறது. நல்ல லாபம் தரக்கூடிய ரோடுகள் போடுவது நல்லதுதான். இந்தியாவிலேயே அதிகம் சுமை தாங்கக்கூடிய ரோடு இதுதான். இந்த ரோடு போட்டதினால் மராமத்து (Maintenance) வேலைக்குறைவு. ஸர், தற்போது விழிஞ்சம் துறைமுகத்துக்கு ஒரு ரோடு மான ரூபாய் ஒதுக்கிவைக்கப்பட்டிருக்கிறது. அதுகட்டிமுடியுமானால் அதில் பல நன்மைகள் ஏற்படும் அது ஒரு முதல்தரமான துறைமுகமாகத் திருமென்பதிலிச்சயம். பூமிசாஸ்திரத்தில், திருவாங்கூரில் திருவனந்தபுரம் டிவிஷனிலிருக்கிறது. அதிலிருந்து உண்டாகும் பயன் இந்நாட்டு மக்கள் எல்லோருக்கும் பயன்படும்.

ஸர், பெருஞ்சாணி அணைக்கட்டுசம்பந்தமாய் சிப்எஞ்சினியரைப் பற்றி சில பிரஸ்தாபங்கள் நடந்திருக்கின்றன. சரியாகக் கூலிகொடுப்பதில்லையென்றும், கன்ட்ராக்டர்களுக்குப் பணம் கொடுக்கப்படவில்லை என்றும் சப்டிவிஷன் ஆபீஸர்கள் மில்களைப்பாஸாக்குவதில்லை யென்றும். அதற்குக் காரணம் இவர்கள் தங்கள்தங்களுடைய வேலைகளுக்கு பட்டிகை (Work statement) கேட்கப்பட்டு, கொடுக்கப்படாததினால் சிப்எஞ்சினியர் அவர்களுக்கு இந்த ஆபீஸர்களைக் கொண்டுச் சரியானபடி வேலையெடுக்கமுடியாமல் போனது. கீழ் உத்தியோகஸ்தர்கள் சிப்எஞ்சினியருடன் ஒத்து வேலை செய்யாவிட்டால் அவர் என்னசெய்வார்? அவர் பெரிய அறிவாளி. அவர்களுடைய கைங்கரியம் இல்லாதது நமது நாட்டுக்கு ஒரு பெரியகுறை. இதிலிருந்து டிபார்ட்மென்று கீழ்உத்தியோகஸ்தர்கள்தான் மேல் அதிகாரியின் ஆர்டர்களை சரியாகக் கேட்பதில்லை என்பது தெளிவாகிறது. உடனடி அப்படிப்பட்ட அதிகாரிகளை யாரென்று கண்டுபிடிக்காவிட்டால், அது பெரிய கஷ்டங்களை உண்டாக்கிவிடும்.

rM. N. Narayana Kurup : സർ, ഈ ഡിപ്പാർട്ടുമെൻറിനു ധാരാളം പണം അനുവദിക്കുന്നതിൽ എനിക്കു വലിയ സന്തോഷമുണ്ട്. ഒരു നല്ല കുഞ്ഞെന്നപോലെ ഈ ഡിപ്പാർട്ടുമെൻറിനു കൊടുക്കുന്ന പണം അതേപടിതന്നെ തിരിച്ചുവല്ലിക്കുന്ന ഒരേർപ്പാടാണു കണ്ടുവരുന്നതു്. രാജ്യത്തെ മുതലെടുപ്പിന്റെ നാഡിയൊന്നു ഭാഗമാണ് ഈ ഡിപ്പാർട്ടുമെൻറ് ആവശ്യപ്പെടുന്നതു് കൊടുത്ത പണം അടുത്ത ആണ്ടിൽ ചെലവാക്കാതെ തിരിച്ചു വരുമെന്നുള്ളതിനാൽ ഈ വകുപ്പിലേക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന മുഴുവനും അനുവദിക്കുന്നതിൽ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞയാണ്ടിൽ ഉദ്ദേശം ഏഴെട്ടുറോളം പുതിയ ജോലികൾ ബഡ്ജറിൽ കൊള്ളിച്ചിരുന്നെങ്കിലും അതിന്റെ ഒരു ശതമാനം പോലും തീർന്നിട്ടില്ലെന്നും ക്ലിനിരക്കു കൂട്ടാതെകൊണ്ടു പഴയ ജോലികളും പുതിയതും തീർന്നിട്ടില്ലെന്നും അതു ഡിപ്പാർട്ടുമെൻറു മേധാവിയുടെ അജാഗ്രതയാണെന്നും അസംബ്ലിയിൽ പ്രസ്താവിക്കുകയും, പ്രതിഷേധരൂപമായി ഒരു ശ്രുപ കറയ്ക്കുകയുമുണ്ടായി. ഇന്നത്തെ ക്ലിനിരക്കനുസരിച്ചു ഡിപ്പാർട്ടുമെൻറു ക്ലി കൂട്ടാത്തതാണു ജോലി നടക്കാത്തതിനു ഒരു സമാധാനം. ഉപദേശകസമിതിയുടെ ആവശ്യപ്രകാരം വളരെ പുതിയ ജോലികൾ ബഡ്ജറിൽ കൊള്ളിക്കയും നാമമാത്രമായ തുകകൾ അനുവദിക്കുകയും ചെയ്തിരുന്നതിനാൽ കൂടുതൽ ജോലി നടത്തുന്നതിനു സ്റ്റാഫും പണവും ഇല്ലാതെ ജോലി നടക്കാതിരുന്നിട്ടുണ്ടു്. ഇതിനു ചീഫ് എഞ്ചിനീയർ മാത്രം കുറ്റക്കാരനാകുന്നതെങ്ങനെ? ക്ലിനിരക്കു് അദ്ദേഹം കൂട്ടിയില്ലെങ്കിൽ ജോലി നടക്കാത്തതിലുള്ള കാരണമറിഞ്ഞു് ഗവണ്മെൻറിനു റേറു അനുവദിക്കാമായിരുന്നു. അങ്ങനെ കൂട്ടുന്നതിനു ചീഫ് എഞ്ചിനീയർ വിസമ്മതിച്ചിരുന്നെങ്കിൽ പൊതുജനപ്രതിനിധികളായ ഉപദേശകസമിതിക്കാർക്കു ഗവണ്മെൻറിനെ സമീപിച്ചു റേറു കൂട്ടുന്നതിനു ശ്രമിക്കാമായിരുന്നു.

Mr. Paul A. Thaliath : ചീഫ് ഇഞ്ചിനീയരെ ഈ വിവരം ധരിപ്പിച്ചിട്ടുണ്ടെന്നു് അറിയാമോ?

Mr. N. Narayana Kurup : ഗവണ്മെൻറിനെ ധരിപ്പിച്ചില്ലെന്നാണു ഞാൻ പറഞ്ഞതു്. ചീഫ് ഇഞ്ചിനീയർ കേട്ടില്ലെങ്കിൽ ഗവണ്മെൻറിനെ വിവരം അറിയിക്കണമായിരുന്നു.

ഫ ഫ വു—ലെ റേറിൽനിന്നും ൈ൫ ശതമാനം കൂട്ടിയതുതന്നെ ഉപദേശകസമിതിയിലെ അംഗങ്ങളായ ശ്രീമാൻ കെ. ആർ. നാരായണനും, ഇപ്പോൾ ഇവിടെ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന മെമ്പറും കൂടി കോട്ടയം ററി. ബി. യിൽവച്ചു ദിവാൻജിയെ സമീപിച്ചു നിവേദനം നടത്തിയതുമൂലമാണു്. അതിനുമുമ്പു് അങ്ങനെ കൂട്ടിയിരുന്നതിൽ നിയമസഭാപ്രതിനിധികളായ ഉപദേശകസമിതിക്കു കുറ്റവിമുക്തം വന്നിട്ടുണ്ടു്. പുതായാലും ഈ അപരാധം ഒരു കൂട്ടുത്തരവാദിത്വത്തിലുള്ളതും അഭിമാനം മൂലമോ, വേറെ എവിടെയോ കൂടിയ ശമ്പളത്തിൽ ഉദ്യോഗം ലഭിച്ചിട്ടോ സമർത്ഥനായ ചീഫ് ഇഞ്ചിനീയർ ഉദ്യോഗം രാജിവച്ചു.

President : He is not going anywhere else.

LIBRARY ARCHIVES Kerala Legislative Assembly

Mr. N. Narayana Kurup: Thank you, Sir, for your information.

നിയമസഭയുടെ നിശിതമായ വിമർശനം കൊണ്ട് ഒരു ശുപകാരവു ചെയ്തതിനാൽ ഉദ്യോഗം രാജിവച്ചതാണെങ്കിൽ, അദ്ദേഹത്തെപ്പോലെ അഭിമാനമുള്ളവരാണെങ്കിൽ ഉപദേശകസമിതിഅംഗങ്ങളും രാജിവയ്ക്കേണ്ടതായിരുന്നു. ഡിപ്പാർട്ടുമെൻറിലുള്ള സെൻഷറിൽ അവരും പങ്കുകാരാണ്.

ഏതായാലും വന്നതു വന്നു. മേലാലെങ്കിലും ജോലി ചെയ്തീക്കേണ്ടതാണ്. ഈ സമ്പത്തുകാലത്തും അഖിലതിരുവിതാംകൂർ പ്രാധാന്യമർഹിക്കുന്നതും, പുരാതനവും, കൃഷ്ണൻനായർ ദിവാൻജിയുടെ കാലത്തു തുടങ്ങിയതുമായ ആലപ്പുഴ—ചേർത്തല തോട്ട്, ആലപ്പുഴ—തിരുവല്ലാ റോഡ് മുതലായവയ്ക്കു മതിയായ പണം അനുവദിച്ചിട്ടില്ല. എല്ലാ താലൂക്കുകളിലും അവശ്യം വേണ്ടതും കൃഷിക്ക് അത്യാവശ്യവുമായ തോടുകളും റോഡുകളും ഉടനടി തീർക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ.

President: That is not in response to a decision of the Advisory Committee.

Mr. C. Kumara Das: It is not the P. W. D. Advisory Committee. It is related to the Grow More Food Campaign.

Mr. N. Narayana Kurup: ആറ്റിങ്ങൽ കായലുകം പാടത്തിലേയ്ക്കുള്ള തോട് ചീതി കൂട്ടി ചീപ്പ് ഉണ്ടാക്കേണ്ടതു മൂവായിരം ഏക്കർ നിലത്തിലെ കൃഷിസംരക്ഷണത്തിന് അത്യാവശ്യമാണ്. അമ്പലപ്പുഴതാലൂക്കിലെ തലവടിയാറിൽ ഗതിവേഗവും ജലസേചനവും അത്യാവശ്യമായതിനാൽ താഴ്ത്തി വെട്ടിച്ചു നദിഗതി ശരിയാക്കാത്തപക്ഷം അനേകം ഏക്കർ നിലങ്ങളിലെ കൃഷി നഷ്ടമാകും. ഇതിനും പുറമേ നീണ്ടകര മുതൽ ചേർത്തലവരെയുള്ള കടലോരത്തുള്ള വക്ക കുടിക്കാൻ ശുദ്ധജലമില്ലാതെ വിഷമിക്കുന്നു. ജനങ്ങൾക്കു ശുദ്ധജലവിതരണത്തിനു ഖിനറുകം ഉടനടി കുഴിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. സകലജലസേചനതോടുകളും രണ്ടു മാസത്തിനകം കുഴിക്കാൻ വർഷകാലത്തു ഉത്തരവുണ്ടായി. എന്നാൽ കൊല്ലം, കോട്ടയം ഡിവിഷനിലെ വെള്ളപ്പൊക്കം മൂലം അതു സാധിക്കാതെ വന്നു അവ ഇപ്പോഴെങ്കിലും പൂർത്തിയാക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്.

റോഡുകളുടെ അനാഥസ്ഥിതി, മെയിൻറനൻസ് നടത്താത്തതു കൊണ്ടാണ്. റോഡുകളുടെ പരിപാലനത്തിനുള്ള ഗ്രാവൽ കക്കടകമാസത്തിലാണു ഇറക്കുന്നത്. അതു് റോഡ് അരുകിൽ കൂട്ടി ഗതാഗതത്തിനു വിഘ്നം ഉണ്ടാക്കുന്നതല്ലാതെ ഉപയോഗിക്കുന്നില്ല. അതിനു

LIBRARY ARCHIVES Kerala Legislative Assembly

നിരത്തി മെയിൻറനൻസ് എല്ലാ ആണ്ടുകളിലും കക്കടകം അവസാനത്തിനു നടത്താൻ ഏർപ്പാട് ചെയ്യണം. ഈ സംഗതികൾക്ക് ഉടനടി വേണ്ട പരിഹാരം ചെയ്യണം. ഫ്ലഡ്-ൽ ഒന്നും നടത്താത്തതുകാണ്ട് എല്ലാ റോഡുകളും ഫ്ലഡ് തുലാം രണ്ടാംതരക്കാരം മെയിൻറനൻസു തുടങ്ങി പൂർത്തിയാക്കണമെന്ന് ഉത്തരവു കൊടുക്കേണ്ടതാണ്. നാഷണൽ ഹൈവേയുടെ വീതി കന്യാകുമാരിമുതൽ പറവൂർവരെ ഒരു പോലെയിരിക്കേണ്ടതാണ്. അതിനുപകരം ഇരുപോലെ ചുവട്ടിൽ ഒരു വണ്ണം, നടുക്കു ഒരു വണ്ണം, മുകളിൽ ഒരു വണ്ണം, എന്നാകുന്നതു നീതീകരിക്കാവുന്നതല്ല. ചുവടുഭാഗത്തു് നൂറടി വീതിയുള്ള റോഡുവേണമെന്നും ശേഷമെല്ലാ ഭാഗത്തും നന്നു അടി മതിയെന്നും പറയുന്നതിന്റെ ഔചിത്യം എനിക്കു മനസ്സിലാകുന്നില്ല.

സർ, ചീഫ് ഇഞ്ചിനീയർ ജോലി രാജി വച്ചതിനാൽ പുനരുദ്ധാരണപദ്ധതി അനുസരിച്ചുള്ള ജോലികൾ തീർക്കുന്നതിനു വിദഗ്ദ്ധന്മാരെ നിയമിക്കാൻ ആലോചിക്കുന്നതായി അങ്ങു പറഞ്ഞു.

President: I don't say that there should be misconception on the matter. I am only saying that there is no person in the Department or in the State to be put in his way. This is a very big programme and all that we require is a certain amount of eminence and experience which our men of the department have not yet acquired—no doubt they will make good in course of time. I don't want to say that our people are unfit.

Mr. N Narayana Kurup: ഞാൻ തെറ്റിദ്ധരിച്ചുവെന്നാ പറയുന്നതു്. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്ന ഇഞ്ചിനീയർമാർക്കു ആർക്കെങ്കിലും ഇവയെല്ലാം ഒന്നിച്ചോ പ്രത്യേകമായോ ഏറ്റെടുക്കുവാൻ ധൈര്യവും സാമർത്ഥ്യവും ഉണ്ടെങ്കിൽ അവരോടു ചോദിച്ചു് അവരെത്തന്നെ ചുമതലപ്പെടുത്തണമെന്നും, അവർ തയാറില്ലെങ്കിൽ മാത്രം വേറെ വെളിയിൽനിന്നും ആൾ വരുത്തണ്ടതാണെന്നും എനിക്ക് അഭിപ്രായമുണ്ട്.

President: Very probably it will be done.

Mr. N. Narayana Kurup: അങ്ങനെ ആയാൽ വളരെ നന്നായിരിക്കും.

President: Order, order. In other words, if there are no persons to be taken from outside, local men will be asked to do their best and they will be tested in a year. If they are found suitable and efficient, they will be appointed. That is, the present idea of the Government is to throw the burden upon the people.

LIBRARY ARCHIVES Kerala Legislative Assembly

Mr. N. Narayana Kurup : സർ, ഫൈവെ സ്കീമിനെപ്പറ്റി രണ്ടു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. ഇതു കന്യാകുമാരിമുതൽ പറവൂർവരെ തുരുപോലെ മുവട്ടിൽ വണ്ണം, നടുക്കു വീതിക്കുറവ് ഇങ്ങനെയാണു നിശ്ചയിച്ചിരിക്കുന്നതു എന്നു ഞാൻ മുമ്പു പറഞ്ഞുവല്ലോ.

President : That is the international regiment which was suggested to us by the Government of India and that is the kind of road that they are now laying in America.

Mr. N. Narayana Kurup . റോഡിന് എല്ലായിടത്തും ഒരു പോലെ വീതിവേണമെന്നു മാത്രമേ ഞാൻ അഭിപ്രായപ്പെട്ടൊള്ളൂ.

Mrs. Thressiamma Kora *(Vaikam, Kottayam and Changanacherry* cum *Peermade)* : ചങ്ങനാശേരി പട്ടണത്തിൽ ഒരു റസ്റ്റ് ഹൗസിന്റെ ആവശ്യകതയെ സംബന്ധിച്ച് ഞാൻ കഴിഞ്ഞ രണ്ടു പ്രാവശ്യവും പ്രതിപാദിച്ചിട്ടുള്ളതാണ്. ഏതായാലും റസ്റ്റ് ഹൗസ് പണിയുന്നതിനുള്ള തുക ബഡ്ജറ്റിൽ അനുവദിച്ചുകാണുന്നതിൽ സന്തോഷിക്കുകയും പണി ഉടൻ ആരംഭിക്കുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുകൊള്ളട്ടയോ. ചങ്ങനാശേരിയിലെ റോഡുകളുടെ സ്ഥിതി ദയനീയമാണ്. ഉപ്പുപണ്ടകശാലയിലെ റോഡ് ഗട്ടറിനേക്കാൾ രണ്ടടിയിൽ താഴ്ന്നാണു കിടക്കുന്നതു്. ചന്തയിലെ റോഡും ഗട്ടറിനേക്കാൾ താഴ്ന്നു കിടക്കുന്നു. ഈ സ്ഥിതി എത്ര വൃത്തികെട്ടതാണെന്ന് സ്പഷ്ടമാണല്ലൊ. ചങ്ങനാശേരി – കവിയൂർറോഡ് ഇംപ്രൂവ് ചെയ്യുന്നതിന് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നു. ഒന്നും ചെയ്തില്ല. ഈ റോഡിന്റെ ഇംപ്രൂവ്മെന്റു നടത്തുന്നതോടൊപ്പം ഇരുപ്പായിൽ ഒരു ചെറിയ പാലം ഉടൻതന്നെ പണിയിക്കേണ്ടതാണ്. ചാത്തവട്ടത്തു നിന്നും വട്ടപ്പള്ളിവഴി മതുമൂലയ്ക്കുള്ള റോഡിൽക്കൂടി വാഹനങ്ങളിൽ പോകുവാനും നടന്നുപോകുവാനും നിവൃത്തിയില്ലാത്തവിധം കുണ്ടും കുഴിയുമായി കിടക്കുന്നു. വാഴൂർറോഡ് ചന്തക്കാവു മുതൽ ഒന്നാം മൈൽക്കുറ്റിവരെ എങ്കിലും ഒരു സിമൻറ് കോൺക്രീറ്റു റോഡാക്കണം. ഇതുയും ഗതാഗതവും പ്രത്യേകിച്ചു ചന്തദിവസങ്ങളിൽ ഇതുയും തിക്കും തിരക്കും ഉള്ള ഒരു ഭാഗം തിരുവിതാംകൂറിൽ മറെറാരിടത്തും ഇല്ല. ധാരാളം ആളുകൾ കൂടുവാനുപയോഗിക്കുന്ന സർക്കാർവക ചന്തക്കടവു കുളത്തിലെ വെള്ളം പുറത്തേയ്ക്കുപോകുവാനൊരു വഴിയുണ്ടാക്കിയില്ലെങ്കിൽ പലവിധ സുഖക്കേടുകൾക്കും കാരണമാകും. ചന്തക്കടവും കുളവും മീൻചന്തയോടും താഴ്ത്തിയില്ലെങ്കിൽ മൂന്നും നാലും വാര ദൂരെമാറിയേ വള്ളങ്ങൾ കിടക്കുകയുള്ളൂ. അതുപോലെതന്നെ കുരിശുപള്ളി

LIBRARY ARCHIVES Kerala Legislative Assembly

[Mrs. Thressiamma Kora]

ക്കടവും താഴ്ത്തിയില്ലെങ്കിൽ ചങ്ങനാശേരിയിൽ വള്ളത്തിൽ വരുന്നവർ എങ്ങിനെയാണു കരയ്ക്കിറങ്ങുന്നതു. ഈ വക പണികൾ ഉടൻ നടത്തുവാൻ ഡിപ്പാർട്ടുമെൻറിനെക്കൊണ്ടു സാദ്ധ്യമല്ലെങ്കിൽ എം. സി. റോഡും വാഴൂർ റോഡും മറ്റുള്ള റോഡുകളും താലൂക്കുകളും കളങ്ങളും പട്ടണത്തിന്റെ ക്ഷേമത്തിന് അതീവ താല്പര്യം പ്രദർശിപ്പിക്കുന്ന ഇപ്പോഴത്തെ മുൻസിപ്പാലിറ്റിക്കു വിട്ടുകൊടുക്കുന്നതു് അനുഗ്രഹപ്രദമായിരിക്കും.

മുറ്റാർ–നീലംപേരൂർ തോട്ടു് കുമരംകരിവരെ വെട്ടിത്തീർത്തിരിക്കുന്നു. അനേകം ഏക്കർ നിലങ്ങളുടെ രക്ഷയേ ഉദ്ദേശിച്ചു് ഈ തോടിന്റെ പണി പൂർത്തിയാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കണം. മുറ്റാർപാലത്തിനു് ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നെങ്കിലും പണി ആരംഭിക്കാത്തതു നിർഭാഗ്യകരമായിപ്പോയി. ഇക്കൊല്ലവും രണ്ടോളകുറിക്കു് അപകടമുണ്ടായി എന്നുള്ളതു് എനിക്കു് നേരിട്ടറിയാവുന്ന സംഗതിയാണു്. ചാലയ്ക്കൽ തോട്ടു് പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകതയെസംബന്ധിച്ചു് ഞാൻ കഴിഞ്ഞപ്രാവശ്യവും ശക്തിയായി ഉദ്ബോധിപ്പിച്ചിരുന്നു. ഒരു ഫർലാംഗ് നീളത്തിൽ കിടക്കുന്ന പാറക്കല്ലു പൊട്ടിച്ചു് താഴ്ത്തിയാൽ ഈ തോടിന്റെ പണി പൂർത്തിയാകുകയും തന്മൂലം അനേകായിരം പുറ നിലങ്ങളിലെ വിളവു വർദ്ധിക്കുവാനിടയാകുകയും ചെയ്യും. അതുപോലെതന്നെ മിത്രക്കരി ക്ഷേത്രത്തിനു വടക്കു് ആവശ്യമുള്ള തോടു താഴ്ത്തേണ്ടതും ഇല്ലങ്കരി തോട്ടു് മായക്കാട്ടുതോടുമായി സംയോജിപ്പിക്കേണ്ടതും വേഴപ്രാതോട്ടു് മങ്കൊമ്പിലാറിലേയ്ക്കു വെട്ടിത്തീർക്കേണ്ടതും മണലാടി മുറുതോട്ടു് വേഴപ്രാതോടുമായി സംയോജിപ്പിക്കേണ്ടതും വെളിയനാട്തോപ്പിൽതോടും അതിനു വടക്കുവശമുള്ള തോടും താഴ്ത്തേണ്ടതും കർഷകർക്കു് അത്യന്താപേക്ഷിതമാണു്.

Sahib Bahadur Mr. M. K. Mackar Pillai : സർ ബഡ്ജറ്റിൽ പി. ഡബ്ളിയു. ഡി. വകുപ്പിൽ കമ്മ്യൂണിക്കേഷൻ എന്നൊരു ഉപവകുപ്പുണ്ടു്. അതിൽ പലേ റോഡുകൾക്കും പണം അനുവദിച്ചിട്ടുള്ളതായി കാണുന്നു. ൨൦൦൦, ൩൦൦൦, ൪൦൦൦, ൫൦൦൦ രൂപാവരെ അനുവദിച്ചിട്ടുള്ള വില്ലേജുറോഡുകളും അതിൽ ഉൾപ്പെടുന്നു. നാലഞ്ചു കൊല്ലമായി ഇങ്ങനെ കൊല്ലംതോറും പണം അനുവദിക്കാറുണ്ടു്. എന്നാൽ വർക്കിംഗ് പ്രോഗ്രസിനെപ്പറ്റി പറയുകയാണെങ്കിൽ ഈ നാലഞ്ചുകൊല്ലത്തിനിടയ്ക്കു മൺവെട്ടി എടുത്തു ഒരു വെട്ടുപോലും വെട്ടിയതായി എനിക്കറിവില്ല. എനിക്കു് ഇതു സത്യംചെയ്തു പറയാൻ കഴിയും. സത്യം ബോധിപ്പിക്കുക എന്നു ഞാൻ പറഞ്ഞതു

LIBRARY ARCHIVES Kerala Legislative Assembly

സിവിൽംക്കോടതിയിലും മറ്റും സത്യം ബോധിപ്പിച്ചുകൊള്ളാമെന്നു പറഞ്ഞുകൊണ്ടു കളവു പറയുന്നതുപോലെയല്ല. ഇതു സത്യത്തമാണ്. അതിനുശേഷം ലക്ഷക്കണക്കിനും പത്തുലക്ഷക്കണക്കിനും പണം ചെലവാക്കിയിട്ടുണ്ട്. ഈ പണം വരുന്നതു വില്ലേജുകളിൽനിന്നാണ്. അവർക്കു മോട്ടോർറോഡുകളും വേണ്ട; കാർട്ടുറോഡുകളും വേണ്ട; വെറും ഫുട്പാത്തു മാത്രം കിട്ടിയാൽ മതി. അതെങ്കിലും അനുവദിക്കാതിരിക്കുന്നതു കഷ്ടമാണ്. ആദ്യമാദ്യം അനുവദിച്ചിട്ടുള്ള റോഡുകൾ ആദ്യമാദ്യം പണിതുതീർക്കണമെന്നു മാത്രമേ എനിക്കു ഈ വിഷയത്തിൽ അപേക്ഷയുള്ളൂ.

Mr. K. G. Narayana Panicker : സർ, ഞാൻ ഈ ഡിമാൻറിനെ പിൻതാങ്ങുന്നു. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ നമ്മുടെ ചീഫ് എൻജിനീയരെപ്പോലെ വൈദഗ്ദ്ധ്യമുള്ള ഒരു ഉദ്യോഗസ്ഥൻ നമുക്കു നഷ്ടമായതു ശോചനീയമെന്നേ പറയാനുള്ളൂ. വളരെ വലിയ സ്കീമുകൾ നടപ്പാക്കേണ്ട ഒരു ഘട്ടമാണിതു. വലിയ സാങ്കേതികപരിജ്ഞാനമില്ലെങ്കിലുള്ള അനുഭവം എന്താണെന്നു തിരുവല്ലാതാലൂക്കിലുണ്ടായ ഒരനുഭവംകൊണ്ടുതന്നെ എനിക്കു ബോദ്ധ്യമായിട്ടുണ്ട്. അവിടെ തോണ്ടറപ്പാലമെന്നും, ചിറപ്പുഴപ്പാലമെന്നും രണ്ടു പാലങ്ങൾ പണിയിക്കുകയുണ്ടായി. എന്നാൽ എത്രകാലം കഴിഞ്ഞിട്ടും ചിറപ്പുഴ പാലത്തിന്റെ ഒരു തരക്കേടും വന്നിട്ടില്ല. തോണ്ടറപ്പാലത്തിന്റെ അനുഭവം അതല്ല. ഇതു പാലം പണിയിക്കുന്ന എൻജിനീയർന്മാരുടെ സാങ്കേതിക പരിജ്ഞാനംകൊണ്ടുമാത്രം സിദ്ധിച്ച മേന്മയാണ്. അതുപോലെ പെരിങ്ങര പാലം പണികഴിപ്പിക്കുന്ന അവസരത്തിൽ അതുസംബന്ധിച്ചു ചീഫ് എൻജിനീയർ അവർകൾതന്നെ സ്ഥലത്തുവന്നു വളരെനേരം സൂപ്പർവിഷൻ നടത്തുകയുണ്ടായി. ഇതുസംബന്ധിച്ചു ഞാൻ അദ്ദേഹത്തോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു് ഇങ്ങനെയാണ്. ഏതെങ്കിലും ഒരു മരാമത്തുപണി നടത്തുകയെന്നതു അതിൽ വൈദഗ്ദ്ധ്യമുള്ള ആളുകളെക്കൊണ്ടു ശരിയായ വിധത്തിൽ പരിശോധിച്ചതിനുശേഷം മാത്രമേ ആകാവൂ എന്നാണു ഞാൻ വച്ചിരിക്കുന്നതു്. സർ, ഇതു് ഒരു നല്ല കാര്യമാണ്. അങ്ങനെയുള്ള കാര്യങ്ങൾക്കു വിശേഷിച്ചും പല പല സ്കീമുകൾ നടപ്പിലാകാൻപോകുന്ന ഈ കാലഘട്ടത്തിൽ നല്ല പരിജ്ഞാനവും പരിചയവുമുള്ള ആളുകളെ മാത്രമേ മുമതലപ്പെടുത്താവൂ എന്നാണ് എനിക്കു പറയുവാനുള്ളതു.

സർ, ഈ അവസരത്തിൽ എനിക്കു രണ്ടു കാര്യങ്ങൾകൂടി പറയുവാനുണ്ട്. ഒന്നാമതു കോട്ടയം—തിരുവനന്തപുരം റോഡു് കറേക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. G. Narayana Panicker]

വീതി കൂട്ടി നന്നാക്കണമെന്നുള്ളതാണ്. മോട്ടാർകാറുകൾ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു ഗതാഗതസൗകര്യം വർദ്ധിപ്പിച്ചുകൊടുക്കേണ്ടതു വളരെ അത്യാവശ്യമാണ്. കൂടാതെ ട്രാൻസ്പോർട്ടുലോറികളും മറ്റു ലോറികളും ധാരാളമായി അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കുന്നതിനാൽ ട്രാഫിക്കിനുതന്നെ വളരെ ശല്യമുണ്ടാക്കുന്നുണ്ട്. യാത്രക്കാർക്കു തൻനിമിത്തം വളരെ വിഷമതകൾ അനുഭവിക്കേണ്ടതായി വരുന്നുമുണ്ട്. ഇൻറർനാഷണൽ ഫ്ലൈവേ ഇവിടെ ഉണ്ടായിരിക്കുമെന്നിരുന്നാൽതന്നെയും ജനബാഹുല്യവും ഗതാഗതബാഹുല്യവും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഞാൻ പറഞ്ഞ ഈ കോട്ടയം തിരുവനന്തപുരം റോഡു വീതികൂട്ടി മെറ്റൽചെയ്യേണ്ടതു വളരെ അത്യാവശ്യമായ ഒരു കാര്യമാകുന്നു. ഇക്കാര്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ പ്രത്യേകം പതിയണമെന്നപേക്ഷിക്കുന്നു.

മറ്റൊരു കാര്യം മുനിസിപ്പാലിറ്റികളുള്ള സ്ഥലങ്ങളിൽ മുനിസിപ്പാലിറ്റിയും പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറും തമ്മിലുള്ള ബന്ധവിശേഷംകൊണ്ട് പല പണികളും നടക്കാതെ വരുന്നു എന്നുള്ളതാണ്. ചില ജോലികൾ മുനിസിപ്പാലിറ്റിക്കാരും ചില ജോലികൾ എഞ്ചിനീയർ ഡിപ്പാർട്ടുമെൻറുകാരും ചെയ്തുകൊള്ളണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നതുമൂലം ഓരോരോ സ്ഥലത്തെ റോഡുകൾ പണിയിക്കുകയും നന്നാക്കുകയും ചെയ്യുന്ന വിഷയത്തിൽ ഇരുകൂട്ടരും അജാഗ്രത കാണിക്കുന്നു എന്നുള്ളതാണ് പ്രായേണ അനുഭവപ്പെട്ടുന്നതു്. എൻജിനീയർഡിപ്പാർട്ടുമെൻറ് ചില റോഡുകൾ ഏറ്റെടുത്തു നന്നാക്കിക്കൊള്ളാമെന്നു മുമതലപ്പെട്ടുണ്ടെങ്കിലും, അതിലേയ്ക്കു ബഡ്ജറ്റുസാംക്ഷൻ ഉണ്ടെങ്കിലും അതു ചെയ്തുകാണുന്നില്ല.

Mr. K. A. Raman Pillai : തിരുവല്ലാ മുനിസിപ്പാലിറ്റിയിൽ ഏതെങ്കിലും റോഡിൻറെ സംരക്ഷണം എഞ്ചിനീയർ ഡിപ്പാർട്ടുമെൻറു ഏറ്റെടുത്തിട്ടുണ്ടോ?

Mr. K. G. Narayana Panicker : അവിടെ ചില റോഡുകൾ എഞ്ചിനീയർ ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്തു സംരക്ഷിക്കുന്നുമുണ്ട്. ചില റോഡുകൾ മുനിസിപ്പാലിറ്റി ഏറ്റെടുത്തിരിക്കുന്നു.

Mr. A. N. Satyanesan: രാജധാനിയിലെ സ്ഥിതിയും അങ്ങനെയല്ലേ?

Mr. K. G. Narayana Panicker : മുനിസിപ്പാലിറ്റിയുള്ള സകല സ്ഥലങ്ങളിലേയും സ്ഥിതി അതാണ്. ഒന്നുകിൽ സകല റോഡു

LIBRARY ARCHIVES Kerala Legislative Assembly

കളുടേയും സംരക്ഷണജോലി മുനിസിപ്പാലിറ്റിയെ ഏല്പിക്കണം. അല്ലെങ്കിൽ എഞ്ചിനീയർ ഡിപ്പാർട്ട്മെൻറിനു വിട്ടുകൊടുക്കണം.

മി. മക്കാർചിള്ള പറഞ്ഞതുപോലെ പണം ബഡ്ജറിൽ കൊള്ളിച്ചിട്ട് അതു് യാതൊരുതരത്തിലും ഉപയോഗിക്കാതെതന്നെ കറപ്ഷൻ ഉണ്ടാകുന്നുണ്ട്. അതു പണം ചിലവാക്കിയതായി റിപ്പോർട്ടു തരുന്നുണ്ടെങ്കിലും ഒരു കാലുപോലും യഥാർത്ഥ ആവശ്യത്തിനുവേണ്ടി ചെലവാക്കാതിരിക്കുന്നുണ്ടു. കൺട്രാക്ടറന്മാരുടെ ദൃഷ്ട്യംകൊണ്ടാണ് മിക്കവാറും ഇങ്ങനെ സംഭവിക്കുന്നതു്. ഞങ്ങളുടെ നാട്ടിൽ റോഡുകൾ നന്നാക്കുന്നായി ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള ഒരു തുകയും തന്നെ അതിലേയ്ക്കുവേണ്ടി വിനിയോഗിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ ചെലവുചെയ്യുന്നതായി ഡിപ്പാർട്ടുമെൻറുകാർ പറയുന്നുമുണ്ട്. ദൃഷ്ടാന്തമായി ഒരു തോടിൻെറ കാര്യം പറയാം. എൻെറ ബഹുമാന്യസ്നേഹിതനായ ഒരു നമ്പൂതിരി ഒരിക്കൽ എന്നോടു പറഞ്ഞതു് കാരക്കൽതോടു നന്നാക്കുന്നതിലേയ്ക്കു ആണ്ടുതോറും ബഡ്ജറിൽ പണം കൊള്ളിക്കുകയും ചെലവുചെയ്യുകയും ചെയ്യുന്നുണ്ടെങ്കിലും ഒരു തുമ്പാപോലും അവിടെ കൊണ്ടുവരുകയോ മണ്ണുവെട്ടി നീക്കുകയോ ഇതുവരെ ചെയ്തിട്ടില്ലാ എന്നാണ്. അദ്ദേഹത്തിൻെറ അടുള്ളത്തു ഒരു തോടിൻെറ കഥയാണിതു്. ഈവക കഥകളെല്ലാം ചീഫ് എൻജിനീയരുടെ അഭാവത്തിൽ പ്രസംഗിക്കുന്നതുകൊണ്ടു വലിയ പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ലാത്തതുകൊണ്ടു് ഞാൻ അതേപ്പറ്റി കൂടുതലായി പറയുന്നില്ല. ഏതെങ്കിലും നിലയിൽ ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള പണം മുഴുവനും അതാതു കൊല്ലം അതാതാവശ്യത്തിനുവേണ്ടിത്തന്നെ ചെലവാക്കത്തക്ക ഒരു പദ്ധതി ഗവണ്മെൻറ് ഉടനെ രൂപീകരിക്കേണ്ടതാണ്.

Mr. K. Shahool Hameed : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. രാജ്യക്ഷേമത്തിനു അത്യന്താപേക്ഷിതമായ ഒരു വകുപ്പാണു് പി. ഡബ്ളിയു. ഡി. വർഷംതോറും ഈ വകുപ്പിൻെറ പ്രവർത്തനങ്ങളെ നിശിതമായ വിമർശനത്തിനു വിധേയമാകുന്നുണ്ടു്. അതിനു ഒരു പരിഹാരമുണ്ടാക്കുന്നതിനു അങ്ങു തീവ്രമായി പരിശ്രമിക്കേണ്ട ഒരവസരമാണിതു്. പി. ഡബ്ളിയു. ഡി-യിലുള്ള ചില പ്രവർത്തനങ്ങളെ നടപ്പിൽ വരുത്താത്തതു സ്റ്റീംറോളർ ഇവിടെ വരാത്തതുകൊണ്ടാണെന്നു പറയുന്നതു കേട്ടു. അതു കേട്ടപ്പോൾ എനിക്കു തോന്നിയതു പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറുതന്നെ റോഡിൻെറ മദ്ധ്യഭാഗത്തു ഗതാഗതത്തെ തടസ്സപ്പെടുത്തിക്കൊണ്ടു് യാതൊരു ജോലിയും ചെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Shahool Hameed]

യുവാൻ കഴിവില്ലാതെ നിൽക്കുന്ന ഒരു സ്റ്റീംറോളർ ആണെന്നാണ് ജനങ്ങൾക്കു ഗതാഗതം ചെയ്യുവാൻ വിഷമമുണ്ടാക്കിയും നന്നാക്കിത്തീർക്കേണ്ടതായ റോഡുകളുടെ ഇരുവശങ്ങളേയും അതേനിലയിൽത്തന്നെ ഇട്ടുകൊണ്ടും ട്രാഫിക്കിനെ മുടക്കിയും ഒരു ജോലിയും ചെയ്യുവാൻ ശക്തി ഇല്ലാതെയും റോഡിന്റെ മദ്ധ്യഭാഗത്തു നിൽക്കുന്ന വമ്പിച്ച ഒരു സ്റ്റീം റോളർപോലെയാണ് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറ് ഇന്നു നിലകൊള്ളുന്നത്. ഇതിന് ആരാണു കുറക്കാരനെന്നു ചിന്തിച്ചു സമയം കളയേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. നിശിതമായ വിമർശനത്തിനുശേഷം തന്റെ അന്തസ്സിനേയും അഭിമാനത്തേയും പരിപാലിക്കുന്നതിനുവേണ്ടി നമ്മുടെ ചീഫ് എൻജിനീയർ ഉദ്യോഗം രാജിവച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ഒരു മെമ്പർ ഉപദേശകസമിതിയുടെ ഉത്തരവാദരാഹിത്യത്തെപ്പറ്റി ഇവിടെ ചിലതു പറകയുണ്ടായി. ഇങ്ങിനെ ആരേയും കുറ്റം പറയേണ്ട ആവശ്യമില്ല. രണ്ടോ മൂന്നോ കൊല്ലത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു നോക്കിയാൽ റോഡുകളുടെ മെയിൻറനൻസിനും വില്ലേജുറോഡുകളുടെ മെയിൻറനൻസിനും വില്ലേജുറോഡുകളുടെ പരിപോഷണത്തിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ ഒന്നും ചെലവാക്കാതെ റോഡുകളെ പഴയപടിതന്നെ ഇട്ടിരിക്കുകയാണെന്നു കാണാൻ കഴിയും. ഇങ്ങനെ പണം ചെലവാക്കാതിരിക്കുന്നതു ഏറ്റവും ശോചനീയമായ ഒരു കാര്യമാണ്.

സർ, ഈ സന്ദർഭത്തിൽ എനിക്ക് ഒന്നു രണ്ടു കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥമുണ്ട്. ഇപ്പോഴത്തെ പദ്ധതികൾ എല്ലാം യുദ്ധാനന്തരപുനരുദ്ധാരണസംവിധാനങ്ങൾക്കുവേണ്ടിത്തന്നെ നമുക്കു ക്ഷണത്തിൽ ചെയ്തുതീർക്കേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി പ്രാപ്തനായ ഒരു ചീഫ് എഞ്ചിനീയരേയോ, ചീഫ് എഞ്ചിനീയറന്മാരേയോ കിട്ടുന്നതുവരെ നാം ക്ഷമിച്ചിരിക്കുന്നതു പ്രയോജനരഹിതമായിരിക്കുമെന്നാണ് എൻറെ അഭിപ്രായം. ഇവിടെ ഒരു പ്രശ്നം ഉന്നയിക്കുകയുണ്ടായി; സ്വദേശികളായ ആളുകളെത്തന്നെ ഈ ഡിപ്പാർട്ടുമെൻറിന്റെ മേധാവിയായി നിയമിക്കണമെന്ന്. എനിക്കു പറയുവാനുള്ളതു് ഇപ്പോൾ സ്വദേശിയെന്നോ പരദേശിയെന്നോ ഉള്ള ഒരു പ്രശ്നത്തിനല്ല പ്രാധാന്യം കൊടുക്കേണ്ടതെന്നാണ്. രണ്ടു മൂന്നു കൊല്ലങ്ങൾക്കു മുമ്പു് നമുക്കു ചെയ്തുതീർക്കുവാനുണ്ടായിരുന്നതും ഇപ്പോൾ ചെയ്തുതീർക്കുവാനുള്ളതുമായ രാജ്യക്ഷേമകരങ്ങളായ പ്രവർത്തനങ്ങളെല്ലാം ചെയ്തുതീർക്കുന്നതിലേയ്ക്കു് ഏതാണോ സുഗമമായ മാർഗ്ഗം, അതു നാം ഉടൻതന്നെ സ്വീകരിക്കാൻ തയാറാകണം. അതിലും സ്വദേശിയെന്നും

LIBRARY ARCHIVES Kerala Legislative Assembly

പരദേശിയെന്നും മറും പറഞ്ഞു ആവശ്യമില്ലാത്ത അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാക്കി ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾ നീട്ടിക്കൊണ്ടുപോകാമെന്നു വച്ചാൽ രാജ്യത്തോടു നാം ചെയ്യുന്ന ഉത്തരവാദിത്വരഹിതമായ ഒരു പ്രവർത്തിയായിരിക്കും അതു. അതുകൊണ്ടു് ഇക്കാര്യത്തിൽ നാട്ടുകാർ ആരെങ്കിലും ഉണ്ടെങ്കിൽ, ചുമതലയോടും രാജ്യസ്നേഹത്തോടുംകൂടി ചെയ്തീർക്കുവാനുള്ള ജോലിഭാരം ചെയ്തേറ്റുകൊള്ളുമെന്നു വിശ്വാസമുള്ള ആരെങ്കിലും ഉണ്ടെങ്കിൽ അവരെത്തന്നെ നിയമിച്ചാ അല്ലാത്തപക്ഷം വിദഗ്ദ്ധന്മാരായ ആളുകളെ വിദേശത്തുനിന്നോ മറെറവിടെയെങ്കിലും നിന്നോ വരുത്തിയോ ഈ ജോലിഭാരം കഴിയുന്നതും വേഗത്തിൽ ചെയ്തീർക്കുവാൻ ശ്രമിക്കണം. എന്തുകൊണ്ടെന്നാൽ യുദ്ധാനന്തരപുനരുദ്ധാരണസംവിധാനപദ്ധതികളെ എത്രയും വേഗത്തിൽ പൂർത്തിയാക്കുന്നതിനെ ആശ്രയിച്ചുമാത്രമാണു് നമ്മുടെ ഭാവിശ്രേയസ്സു സ്ഥിതി ചെയ്യുന്നതു്. അതുകൊണ്ടു് ഇതിലേയ്ക്കു സൂക്ഷ്മപരമായ ഒരു കാര്യപരിപാടി നിർദ്ദേശിക്കണമെന്നും ആ പരിപാടിയനുസരിച്ചു് മേലാലെങ്കിലും ഇത്തരം വിമർശനങ്ങൾക്കു് ഇടകൊടുക്കാതെയും ദോഷദൂഷിതമായ പാരമ്പര്യത്തിനു വിധേയമാകാതെയും പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിനെക്കൊണ്ടു പ്രവർത്തിക്കത്തക്കവിധം ഒരു പ്രവർത്തനപദ്ധതി ആസൂത്രണം ചെയ്യണമെന്നും ഞാൻ തിരുവിതാംകൂറിലെ ഒരു പൊതുജനപ്രതിനിധിയെന്നുള്ള നിലയിൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

രണ്ടാമതു് പ്രാദേശികാവശ്യങ്ങളെപ്പറ്റിയാണു്. അതിനെപ്പറ്റി എനിക്കു പലതും പറയുവാനുണ്ടു്. അങ്ങനെ ചെയ്യേണ്ടതു ഞാൻ എന്റെ നിയോജകമണ്ഡലത്തോടു ചെയ്യേണ്ട ഒരു കടമയുമാകുന്നു. എന്നാൽ അതിനെപ്പറ്റി പ്രസ്താവിച്ചു സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള, വിശേഷിച്ചും എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളമെങ്കിലും കൊള്ളിച്ചിട്ടുള്ള എല്ലാ വേലകളും അടുത്ത കൊല്ലം ബഡ്ജറിനു മുമ്പു ചെയ്തീർക്കത്തക്ക വിധം ഒരു പദ്ധതി ആസൂത്രണം ചെയ്തു നടപ്പിൽവരുത്തണമെന്നും അപേക്ഷിക്കുന്നു.

Mr. A. N. Satyanesan : പി. ഡബ്ലിയു. ഡി. വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ടു് രണ്ടു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ സുശോഭനമായ ഭരണദശയിൽ പറയത്തക്ക യാതൊരു ഭാഗ്യദോഷവും ഈ നാട്ടിനു നേരിട്ടില്ല. എന്നാൽ ഇപ്പോൾ ഒരു വലിയ ഭാഗ്യദോഷം ഈ സംസ്ഥാനത്തിനു് അഭിമുഖീകരിക്കാൻ ഇടവന്നിരിക്കുന്നുവെന്നു് ഖേദത്തോടെ പ്രസ്താവിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

തരമില്ല. സാങ്കേതികപരിജ്ഞാനത്താലും പരിശീലനലബ്ധമായ പരിപാകതയാലും ഏറ്റവും പ്രാപ്തനും സത്യസന്ധനും സുസമ്മതനും രാപകൽ കഠിനാധ്വാനം ചെയ്യാൻ സന്നദ്ധനുമായ ചീഫ് എൻജിനീയരുടെ സേവനം ഈ രാജ്യത്തിനു നഷ്ടപ്പെട്ടതിനെയാണ് ഭാഗ്യദോഷമായി ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ദൂരവ്യാപകമായ പരിഷ്കാരാഭിവൃദ്ധിയെ മുൻനിർത്തിയും സാമ്പത്തികശക്തിയെ പരാമർശിച്ചും അങ്ങ് അനുശ്രുണം ചെയ്ത അതിമഹത്തായ പദ്ധതികൾ അതിന്റെ യഥാർത്ഥ ഉദ്ദേശത്തിലും വ്യാപ്തിയിലും രാജ്യശ്രേയസ്സിനുവേണ്ടി നിർവഹിക്കുവാൻ കൃപപ്പെടുത്തിയിട്ടുള്ള പരിപാടിക്കു സ്തംഭനം നേരിട്ടുമോ എന്നുള്ളതാണ് എന്റെ ഭയം. കായ്ക്ഷമതയോടുകൂടി ഈ പദ്ധതികളെല്ലാംതന്നെ ശരിക്കു പ്രായോഗികമാക്കുവാൻ ശേഷിയും ശേമുഷിയുമുള്ള അദ്ദേഹത്തിന് ഇവിടെ വേണ്ടപോലെ പ്രവർത്തിക്കുവാൻ പരിതഃസ്ഥിതി പ്രതികൂലമായിരുന്നതുകൊണ്ടാണ് അദ്ദേഹം പിരിഞ്ഞു പോകേണ്ടതായിവന്നത്. നിർഭാഗ്യകരം തന്നെയാണ്. തന്നിമിത്തമുള്ള ആ മഹാനഷ്ടം രാജ്യത്തിനു അപരിഹാര്യമായിട്ടുള്ളതാണ്. അതിന്റെ കുറ്റം ആരുടെ പേരിലും ആരോപിക്കാൻ ഞാൻ തൽക്കാലം തുനിയുന്നില്ല. എന്നാൽ ചില സർക്കാർ ജീവനക്കാരും പൊതുജനപ്രതിനിധികളും കൺട്രാക്ടർമാരും തമ്മിലുള്ള കൂട്ടുകെട്ടിന്റെ ഫലമായി ഡിപ്പാർട്ടുമെന്റു ഭരണത്തിന് ഹാനി നേരിട്ടന്ന ദുസ്ഥിതിയെപ്പറ്റി ഗവണ്മെന്റു കർശനമായി വീക്ഷിക്കുകയും അന്വേഷണം നടത്തുകയും ചെയ്യേണ്ട ആവശ്യകതയെ അനുസ്മരിപ്പിക്കുക മാത്രം ചെയ്യുന്ന ഇപ്രകാരമുള്ള വിഷമഘട്ടത്തിൽ ദീർഘദൃഷ്ടിയോടുകൂടി രാജ്യകാര്യങ്ങൾ നിർവഹിക്കാൻ സംപ്രാപ്തനായ അങ്ങ് വിദഗ്ധന്മാരുടെ അഭാവത്തിലും പദ്ധതികൾ വിജയകരമായി പുരോഗമിപ്പിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യുമെന്നുള്ള ദൃഢവിശ്വാസമാണ് എന്നെ സമാശ്വസിപ്പിക്കുന്നത്. ഈ ഘട്ടത്തിൽ സർവപ്രാധാന്യമർഹിക്കുന്ന ഒന്നു രണ്ടു കായ്യങ്ങൾകൂടി അങ്ങയുടെ ശ്രദ്ധക്ക് വിഷയീഭവിപ്പിച്ചുകൊള്ളട്ടെ. സർ, കേരളപ്രവിശ്യയേയും മറ്റും കൊച്ചീരാജ്യം സപ്നംകണ്ട് കഴിയുന്ന കാലമാണ്. ഇനിയും കൊച്ചീ തുറമുഖത്തെമാത്രം ആശ്രയിച്ച് ഈ സംസ്ഥാനം നിലകൊണ്ടാൽ മതിയോ എന്ന് അവധാനപൂർവം ആലോചിക്കേണ്ടതാണ്. നമ്മുടെ സാമ്പത്തികനിലയെ സുരക്ഷിതമായി പാലിക്കുന്നതിനും, ആഭ്യന്തരവും ബാഹ്യവുമായ വാണിജ്യത്തെ സുഗമമായി പുരോഗമിപ്പിക്കുന്നതിനും നമുക്കു സ്വന്തമായി വേണ്ടിടത്തോളം തുറമുഖങ്ങൾ പുനരുദ്ധരിക്കേണ്ട അത്യാവശ്യകതയാണ് ഞാൻ സൂചിപ്പിക്കുന്നത്. ആലപ്പുഴ തുറമുഖം വാണിജ്യപ്രധാനമായ ഒരു സ

LIBRARY ARCHIVES Kerala Legislative Assembly

കേതസ്ഥാനമെന്ന നിലയിൽ ഫ്രൈഡേ-ൽ സംസ്ഥാപിതമാക്കിയതാണ്. ഒരു വമ്പിച്ച തുറമുഖമാക്കാനുള്ള പല സൗകര്യങ്ങളുമുണ്ട്. ഏതു കാലാവസ്ഥയിലും കയറുമതിക്കു സൗകര്യപ്രദമായ തുറമുഖമെന്ന നിലയിൽ അതു അർഹിക്കുന്ന പ്രാധാന്യം ഇതുപര്യന്തം നൽകിയിട്ടില്ല. അതുപ്പുഴ തുറമുഖത്തിന്റെ സാദ്ധ്യതകളെ പൂർണ്ണതോതിൽ കൈയ്യുരുത്തുന്നതിനു സത്വരനടപടികൾ കൈയ്ക്കൊള്ളണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. മറ്റൊന്ന് ഏറ്റവും പുരാതനവും ചരിത്രപ്രസിദ്ധവുമായ കൊച്ചൽ തുറമുഖത്തിന്റെ ഉദ്ധാരണം സംബന്ധിച്ചാണ് അങ്ങയുടെ ശ്രദ്ധയെ ക്ഷണിക്കാനുള്ളത്. പ്രകൃതിസിദ്ധമായി പലവിധത്തിലുള്ള സൗകര്യങ്ങൾ അവിടെ തെളിഞ്ഞുകിടക്കുന്നു. ഒരു കടൽപാലം നിർമ്മിച്ചാൽ വിപുലമായ തോതിൽ വ്യാപാരങ്ങൾ വർദ്ധിപ്പിക്കാൻ സാദ്ധ്യമാണ്. ഈ പദ്ധതിയും അങ്ങയുടെ ഗാഢമായ പര്യാലോചനക്കു വിഷയീഭവിപ്പിക്കുന്നു. ഈ വിധത്തിലുള്ള വിപുലമായ പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിക്കാൻ പ്രാപ്തിയും സാങ്കേതികപരിജ്ഞാനവുമുള്ള ഒരു ഡിപ്പാർട്ടുമെൻറ് മേധാവിയെ ലഭിക്കുന്നതു് ക്ഷിപ്രസാദ്ധ്യമല്ല. തക്ക ആളുകളെ ലഭിക്കുന്നതുവരെ ഈ നാട്ടിൽ ഡിപ്പാർട്ടുമെൻറുമായി അടുത്ത സമ്പർക്കം പുലർത്തി പ്രായോഗികപരിജ്ഞാനംസിദ്ധിച്ചിട്ടുള്ളവരെ പരീക്ഷണാർത്ഥം നിയമിക്കാവുന്നതും, വിദഗ്ധജ്ഞാനം അത്യന്താപേക്ഷിതമായ സ്ഥാനങ്ങളിൽ പ്രത്യേക വിദഗ്ധന്മാരെ നിയമിച്ചു രാജ്യത്തിന്റെ പുരോഗതിക്കു് പര്യാപ്തമായ പരിപാടികൾ നിർവ്വഹിക്കുകയും ചെയ്യുകയെന്നുള്ളതാണ് കരണീയമായിട്ടുള്ളതു്.

Mr. Ravi Varma Valia Raja (*Edavaka*) : സർ, ഒരു വലിയ സംഖ്യ ആണ്ടോടാണ്ടു് ബഡ്ജറിൽ അനുവദിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറ്, അനുവദിക്കുന്നതിൽ ഒരു ചെറിയ ഭാഗംപോലും ചെലവാക്കാത്ത ഒരു ഡിപ്പാർട്ടുമെൻറ്, ജനങ്ങൾക്കു വളരെ ആവശ്യമുള്ള ഒരു ഡിപ്പാർട്ടുമെൻറ്, അസംബ്ലിയിലും കൗൺസിലിലും ആണ്ടോടാണ്ടു അനവധി പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറ് ഇങ്ങനെ ചിത്രീകരിക്കുകയാണെങ്കിൽ പി. ഡബ്ള്യു. ഡിപ്പാർട്ടുമെൻറിന്റെ ഏതാണ്ടൊരു ചെറിയ രൂപം എനി — വരച്ചു കാണിക്കാൻ സാധിക്കും. ഇവിടെ കൂടുന്ന ഈ കൗൺസിൽ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ഞങ്ങളെപ്പോലെയുള്ള നിയമസഭാസാമാജികന്മാർ പോരുന്ന സന്ദർഭങ്ങളിൽ ആ തോടിന്റെ കാര്യം, ഈ റോഡിന്റെ കാര്യം ഇങ്ങനെ അനവധി ആളുകൾ ഞങ്ങളെ സമീപിച്ചു് അനവധി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Ravi Varma Valia Raja]

പരാതികൾ ആണ്ടുതോറും പറയാറുണ്ട്. അതു ഇവിടെവന്ന് നിവേദനംചെയ്യുക എന്നുള്ളതുതന്നെ വളരെ വിസ്താരമേറിയ ഒരു വിഷയമായിരിക്കും. കഴിഞ്ഞയാണ്ടിൽ, ഈ കൗൺസിലിലും അസംബ്ളിയിലും വൈക്കത്തു നിന്നു വന്നിട്ടുള്ള മെംബറന്മാരിൽ ഒരു മെംബറൊഴിച്ചു ബാക്കിയുള്ളവരെല്ലാം ഏകോപിച്ചു നിവേദനംചെയ്ത ഒരു വിഷയമാണ് മുറിഞ്ഞപുഴ പാലം. ആ വഴിക്കു ദിവാൻ പ്രസിഡൻറുതന്നെ കടന്നുപോയിട്ടുള്ളതായി എനിക്കറിയാം. വിശേഷിച്ചും, വൈക്കത്തേക്കു കൊച്ചിവഴിക്കു വരുമ്പോൾ അതിലേക്കുടി വേണം വരാൻ. പക്ഷേ എനിക്കു തോന്നുകയാണ്, അങ്ങു് അന്നു കടന്നതു് വർഷകാലത്തു് ആയിരുന്നില്ലല്ലോ എന്നു്. എങ്കിൽ ആ ചങ്ങാടത്തിൽ കയറി മുമ്പോട്ടു് വലിച്ചു് പുറകോട്ടു് ഇറങ്ങി അക്കരെ കടക്കേണ്ടിവരുമായിരുന്നു. തൽസമയത്തു് ഉണ്ടാകുന്ന ക്ലേശാനുഭവങ്ങൾ പ്രസിഡൻറ് അവർകൾക്കു് അനുഭവിക്കുവാൻ ഇടവന്നിരുന്നു എങ്കിൽ ഇന്നു് ആ പാലത്തിൻെറ പണി തീർന്നിരിക്കുമായിരുന്നു എന്നാണ് എൻെറ വിശ്വാസം. അത്രമാത്രം വിഷമം ആ പാലമില്ലാത്തതുകൊണ്ടു് ഞങ്ങൾ അനുഭവിക്കുന്നുണ്ട്. അനവധി ആളുകൾക്കു് പ്രയോജനമുള്ള ഒരു പാലം, കൊച്ചിയും തിരുവിതാംകൂറുമായി ബന്ധപ്പെടുത്തുന്ന ഒരു പാലം, ഞങ്ങൾ എല്ലാവരും അതിശക്തിയായി നിവേദനംചെയ്തിട്ടുള്ള ഒരു പാലം അതിനുവേണ്ടി ഡിപ്പാർട്ടുമെൻറ് യാതൊന്നുംതന്നെ ശ്രദ്ധിക്കാതിരിന്നിട്ടുള്ളതു വളരെ പരിതാപകരമായിപ്പോയി. കഴിഞ്ഞയാണ്ടിൽ ചീഫ് എൻജനീയർ സ്ഥലത്തു വന്നപ്പോൾ ഞങ്ങളും കൂടി അദ്ദേഹത്തോടൊരുമിച്ചു പോയി സ്ഥലം കാണിച്ചുകൊടുത്തു. തിരികെ വന്നിട്ടു ഞങ്ങളോടു് യാതൊരക്ഷരവും പറയാതെ മടങ്ങുകയും ചെയ്തു. അതിൻെറ അനുഭവം കണ്ടതു് ആർക്കും ആവശ്യമില്ലാത്ത വെട്ടിക്കാട്ടുമുക്കു പാലത്തിനുള്ള പണം ബഡ്ജറ്റിൽ അനുവദിക്കുകയുണ്ടായി എന്നുള്ളതാണ്. ഇതുപോലെ പ്രാധാന്യമുള്ള ഒരു വിഷയം അഞ്ചാറു നിയമസഭാമെമ്പറന്മാർകൂടി ഒരുമിച്ചു നിവേദനം നടത്തിയിട്ടും അതേപ്പറ്റി യാതൊരു നടപടികളും നടത്താതിരിക്കുകയെന്നുള്ളതു് വളരെ കഷ്ടമാണ്. ആവശ്യമുള്ളതുകൊണ്ടാണ് ഞങ്ങളെല്ലാവരും അതിനുവേണ്ടി നിവേദനം ചെയ്തതു് എന്നു കാര്യം ഗവൺമെൻറ് ധരിക്കേണ്ടതാണ്. വെട്ടിക്കാട്ടുമുക്കു പാലം അത്ര പ്രാധാന്യമുള്ളതല്ല. ആരോ ചിലർ അവരുടെ സ്വാർത്ഥതകണ്ടു മാത്രം ആ പാലം പണിക്കു ആവശ്യപ്പെടുകയും അവർക്കു വിധേയമായി ഗവൺമെൻറ് പണം അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളതു്. ജനങ്ങളുടെ ആവ

LIBRARY ARCHIVES Kerala Legislative Assembly

ശ്യം ഗവണ്മെൻറ് യഥാർത്ഥമായി അറിഞ്ഞ് പ്രവർത്തിക്കുന്നില്ല എന്നു ള്ളതിനു ഇതു ഒരു ദൃഷ്ടാന്തമാണ്. ഇങ്ങിനെ പല കാര്യങ്ങളിലും ഗവണ്മെൻറ് ഉപേക്ഷ കാണിക്കുന്നുണ്ട്. അതുകൊണ്ട് ഇതിനെപ്പറ്റി ഉടൻതന്നെ എന്തെങ്കിലും നടപടികൾ നടത്തണമെന്നുള്ള അപേക്ഷ യോടുകൂടി ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു.

Mr. M. Mohammed Mustafa: *(Commerce and Industry South)* സർ, ഈ ഡിമാണ്ടിനെ അനുകൂലിച്ചുകൊണ്ടു രണ്ടു വാക്കുകൾ കൂടി പറഞ്ഞുകൊള്ളുന്നു. ഓരോ വർഷവും പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിൽ അനുവദിക്കുന്നതു കൈകാര്യമായി ചിലവു ചെയ്യപ്പെടുന്നില്ല എന്നു ഓരോ വർഷവും പലരും തങ്ങളുടെ സങ്കടങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ ഞാനും ഒരുവൻ. മുൻപു എപ്രകാരമെന്നാൽ, പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിൽ അനുവദിക്കപ്പെട്ട പണം ചിലവു ചെയ്യപ്പെടാതിരിക്കുമ്പോൾ അതിനു എഞ്ചിനീയർമാർക്കു ബ്ലാക്ക്മാർക്കു (Black mark) ഉണ്ടു അവർക്കുള്ള ഉദ്യോഗക്കയറ്റത്തിനു തടസ്സമുണ്ടാകുന്നു എന്നു പറയുന്നതു കേൾക്കുന്നുണ്ടു. അതുകൊണ്ടു ഉദ്യോഗക്കയറ്റം (Promotion) കൊടുക്കുന്നില്ല. സർ, തെക്കൻ തിരുവിതാംകൂറിൽ ഒരു ഗ്രാമത്തിലേക്കു കൂടി റോഡു എന്നു പറയുന്നതിനില്ല. ഉഴുതുമറിച്ചിട്ട വയലുകൾ പോലിരിക്കുന്നു. ഇരുപതു വർഷങ്ങളായി മുൻപു ഉടൈന്തു കിടക്കുന്ന ഇരാജാക്കമംഗലം-ഈത്താമ്പള്ളിപ്പാലം ഇതുവരെയും റിപ്പേർ ചെയ്യപ്പെട്ടിട്ടില്ല. Chief Engineer ക്കു എത്രയോ മനുക്കൾ കൊടുത്തായി പറയുന്നു. ഇതുവരെയും യാതൊന്നും നടക്കുന്നില്ല. ഇരാജാക്കമംഗലം Salt Factory ക്കുള്ള റോഡു പത്തടി വീതിയിലിരുന്നതു ഇപ്പോൾ ഇരുപതടി വീതിയാക്കിയിരിക്കുന്നു. ഇതിൻ വഴിയായിത്താൻ വണ്ടികളും, ലോറികളും പോയി ഉപ്പു എടുത്തുകൊണ്ടു വരേണ്ടിയിരിക്കുന്നു. മേലധികാരികളായവർ ഇതൊക്കെപ്പറ്റി പരിശോധിക്കുന്നുണ്ടോ? അതുമില്ല. പോയവർഷം തങ്ങൾ പേച്ചുപ്പാറൈയിലും പരിശോധിക്കുവാൻ വന്നിരുന്നു. ഉടനെ അന്നത്തെ റോഡും ശരിയാക്കിയിട്ടു, അതിനുടൻ മഴയും വന്നു വിട്ടു.

Mr. N. Narayana Kurup: ദിവാൻജി അവിടെ വന്നതുകൊണ്ടു മഴ പെയ്തു എന്നാണോ മെമ്പർ പറയുന്നതു?

Mr. M. Mohammed Mustafa: ഉപ്പിൽ മാത്രം 27 ലക്ഷം രൂപായ് വരുമാനമുണ്ടു. സർ, നാഞ്ചനാട്ടുകാരുടെ പ്രധാനമായതു കൃഷിയേ തഴിരവേറു തൊഴിൽ കിടയാതു. ഇതിനുതക്ക ഒരു Irrigation Engineer ഇനെ തരവേണമെന്നു ഞാൻ വർഷംതോറും ബഡ്ജറ്റു സമയത്തിലേയേ നാൻ ചൊല്ലിയിരുന്നേൻ. ഇതുവരെയില്ല നടപ്പു വരവില്ലേ.

സർ, പെരുഞ്ചാണി അണക്കെട്ടു സംബന്ധമായി ഇതുവരെയും അന്വേഷണം കൂടി തോണ്ടിത്തീർത്തിട്ടില്ല. ചില കട്ടടങ്ങൾ മാത്രം തീർന്നിരുക്കുന്നു. ഇതെ നാൻ ചൊന്നപോതു കനം കേപ്പിൽ നാടാർ നാൻ ചൊല്വതു പൊയ് യൻറു ചൊന്നാർ, ഇന്ത ഉണ്മയൈ അറിവതർകു വേണ്ടിയാവതു താങ്കൾ അങ്കേപോയ് പാർക്കവേണ്ടും. വാസ്തവത്തിൽ അങ്കേ ഒരു വേലയും നടക്കവില്ലൈ. ഏതോ സ്വജനപക്ഷപാതം കനം കേപ്പിൽ നാടാർ അപ്പടിച് ചൊല്ലിയിരുക്കിറാർ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Mohammed Mustafa]

ஸர், பேச்சுப்பாறை அணையை பத்தடி உயர்த்துவதாகத் தவக்கிய வேலையும் நிறுத்தி வைக்கப்பட்டிருக்கிறது. பத்தாயிரம் ரூபாயுக்கு மேல் இவ்வு செய்தது மாத்திரம் மிச்சம். அதாவது Under sluice ஐத் தோண்டித் நோடிக்கிரும்ப மண்மேட்டு நிரப்புவதற்கு பத்தாயிரம் ரூபாய் செலவு.

ஸர், பேச்சுப்பாறை அணையை கட்டி முடித்தது மிஸ்டர் பிஞ்சின் அவர Chief Engineer ஆக உயர்த்திய போது அது எனக்கு, சேவ்டாம் தான் இந்தப் பேச்சுப்பாறையிலே [illegible] ரூப்பேன், நிலைக்கிய இறடபேன். என்று தாகம் சென்ற முறமூலம் திருவள் மகாராஜா அவர்களிடம் சொல்லி. அப்படியாகமே அவர் இறந்தவுடன் அவரை அங்கிய அடக்கம் செய்யப்பட்டிருக்கிறது. பாருங்கள், அன்னிய காட்டிலிருந்து ஜோலிக்கு வந்தவர் தாம் செய்த வேலையின் பேரில் எவ்வளவு ஆர்வம் வைத்திருக்கிறார்கள். ஆகையால் பழக்கமுள்ள எஞ்சினியரை ஏற்பாடு செய்து அனுப்பி, அந்த வேலையை செய்து முடிக்கச் சேட்டுக் கொள்கிறேன்.

சுவாமி, பழக்கமுள்ள (experience) ஆள்களிடந்தான் இந்த மாதிரியான பெரிய வேலைகளைச் செய்யும் பொறுப்பைக் கொடுக்கவேண்டுமேயொழிய பள்ளிக்கூடங்களிலிருந்து பாசாகிவந்தவர்களிடம் ஏற்பித்தால் எப்படி முடிக்கும். சுவாமிநான் பாருங்கள். தங்களுக்குப்பழக்கம் இல்லாமலிருந்ததால் இந்த சபையிலுள்ளவர்களுக்கெல்லாம் பதிலளிக்க முடியுமா?

ஸர், சில வேலைகள் செய்த சன்ரூடாகளுக்கு பணம் கொடுக்கப்படாமல் Chief Engineer க்கு பெட்டிஷன் கொடுத்தி, அவர் கவனக்குப்பார்த்து நிர்ப்பதாகச் சொல்லி கனக்கு பார்க்கப்படுகிறது.

சுவாமி தயவு செய்து இந்த உத்தியோகஸ்தர்கள் தங்கள் ஜோலிகளை சரியான படி செய்கிறார்களா, ஜனங்களிடம் சரியான படி நடந்து கொள்கிறார்களா என்பதைப்பார்க்க வேண்டுமாய் கேட்டுக்கொள்கிறேன். இந்த பட்ஜெட்டில் அனுமதிக்கப்படும் பணம் சரியான படி வினியோகிக்கப்பட்டுச் செலவிடப்படுகின்றதா என்று பார்க்கவேண்டும். அல்லாமல் போனால் ஒவ்வொருவருஷமும் மிச்சம் ஏற்பட்டுக் கொண்டே வரும். தற்போது மராமத்து வேலை (maintenance) கூட சரியான படி நடப்பதில்லை. சம்பளத்தை மாத்திரம் சரியான்படி வாங்கிக்கொண்டு வருகிறார்கள். இவைகளையெல்லாம் சொல்லும்போது ஆபீஸர்கள் என்னை அடித்தாலும் அடிப்பார்கள். சுவாமி தான் என்னைக் காப்பாற்றவேண்டும். சுவாமி, போனவருஷம் 13 லக்ஷம் ரூபாய் நெல் திருவாங்கூருக்கு P. W. D. வேலைகளுக்கும் பெருஞ்சாலி அரிசிக்கும் பட்ஜெட்டில் அனுமதிக்கப்பட்டது ஆனால் 6 லக்ஷந்தான் செலவாயிருக்கிறது. பாக்கி 7 லக்ஷம் சரண்டராகப் (Surrender) போகிறது. இந்தமாதிரி ஆபீஸர்கள் நடந்தால் எங்களுக்கு ஒரு சதியும் கிடையாது.

Mr. K. S. Joseph: I oppose the grant not because I think it is too much nor because I do not want this department to work; but to draw pointed attention of this House and the Government to certain wrong methods adopted by the Department. I had sent an interpellation asking, out of the five hundred and odd works that were proposed for this year, how

LIBRARY ARCHIVES Kerala Legislative Assembly

many estimates were prepared, how many works were in progress and how many had been executed. I was not provided with an answer and so I do not know what the present stage is. But from my experience regarding one or two of the items, I am inclined to believe that estimates have not at all been prepared for most of the new items that are provided for in the budget. Unless somebody very interested in those works pushes these people to the extreme and make it impossible for them not to prepare an estimate, they are not prepared. I would like the Head of the Administration to enquire into this particular question *viz.*, in how many cases estimates were prepared out of the new works sanctioned by Government. I did worry the department for one or two. Just two weeks ago, I got an answer from the Section Officer concerned that the estimates were prepared; but then there was another difficulty pointed out to me. This was a case of a small bridge. The estimate was prepared; but then he said that the particular road was not yet taken under Government maintenance and that I should get consent statements from the various ryots. I wrote back to the officer saying that the approach road on either side of the bridge was Government poramboke land and formed part of the old village road and that therefore in beginning to construct that bridge, no difficulty need arise. But I got the answer, I do not know if that is correct—"Government have passed proceedings that unless consent statements of all property owners through whose lands the road passed are obtained.....

President: Which is this road? Mr. Secretary please make a note of it.

Mr. K. S. Joseph: A small bridge across the Ayikattu thodu Aiyroor, Thiruvella Taluk.

The House adjourned for lunch at 1.0 p. m. and re-assembled after lunch at 2.0 p. m.

NEW MEMBER.

Mr. A. Gunamony, *(Commissioner of Income-tax)* took the oath and signed the rolls :—

VOTING OF DEMANDS FOR GRANTS—*(Contd.)*

Mr. K. S. Joseph: Sir, another point that I would urge is my suggestion that, instead of having separate Irrigation and Public Works Department divisions and sections, it seems that it would be better if the number of divisions and sub-divisions in the P. W. D. are increased and the same officers asked to look after both irrigation and P. W. D. works in their particular localities. Otherwise it often happens that the irrigation sub-division officer is far away from the locality in which the irrigation works are proposed. It also happens that the works are not promptly

LIBRARY ARCHIVES Kerala Legislative Assembly